"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25-02-2020-ലെ തീരുമാനങ്ങൾ - നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 'അഭയം' സാന്ത്വന പരിചരണ പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt) No.984/2020/LSGD തീയതി,തിരുവനന്തപുരം, 26/05/2020

---

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 23.01.2020-ലെ ഡി.പി.5-782/2020/സി.ആർ.ഡി നമ്പർ കത്ത്

2 25.02.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.60-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്ന കിടപ്പ് രോഗികൾക്ക് നിശ്ചിത പ്രതിമാസ ധനസഹായം അനുവദിക്കാനുള്ള 'അഭയം' എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകണമെന്ന് പരമാർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തിന് വിവിധ പുരസ്കാരങ്ങളിലായി ലഭിച്ച ഏകദേശം 80 ലക്ഷം രൂപ, ഉദാരമതികളായ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനിടയുള്ള സി.എസ്.ആർ ഫണ്ട് എന്നിവ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പ്രാഥമിക സഹകരണ ബാങ്കിൽ പദ്ധതിയുടെ പേരിൽ സ്ഥിര നിക്ഷേപമാക്കിയ ശേഷം ടി നിക്ഷേപത്തിന്റെ പലിശ ഇനത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അർബുദം ഉൾപ്പെടെയുള്ള രോഗങ്ങൾ ബാധിച്ച കിടപ്പ് രോഗികൾക്ക് പ്രതിമാസം 750/-രൂപ മുതൽ 1000/-രൂപ വരെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതാണ് പദ്ധതി. കിടപ്പ രോഗികളായ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ലിസ്റ്റിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

2. വിഷയം പരിഗണിച്ച 25.02.2020-ലെ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി, ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയുടെ 10 ശതമാനമെങ്കിലും സംഭാവന/ CSR വിഹിതമായി കണ്ടെത്തണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകാൻ തീരുമാനിക്കുകയുണ്ടായി.

3. മേൽ വിവരിച്ച സാഹചര്യത്തിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്ന കിടപ്പ രോഗികൾക്ക് നിശ്ചിത പ്രതിമാസ ധനസഹായം അനുവദിക്കാനുള്ള 'അഭയം' എന്ന സാന്ത്വന പരിചരണ പദ്ധതിയ്ക്ക്, ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയുടെ 10 ശതമാനമെങ്കിലും CSR/സംഭാവന ആയി കണ്ടെത്തണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
HARILAL.T.N.
UNDER SECRETARY

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, നെടുമങ്ങാട്,തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.05.28 16:25:24
IST
Reason: Approved
സെക്ഷൻ ഓഫീസർ